തൊഴിലാളികൾ

* ൧൪൨. (൨൭) ശ്രീ. പി. കെ. കുമാരൻ ഒാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ഉണ്ട്; അതിൽ എത്ര പേർ ഫാക്ടറിത്തൊഴിലാളികളാണ്;

(ബി) ചില ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതുമൂലം തൊഴിലില്ലാത്തവരായിത്തീർന്നിട്ടുള്ളവർ എത്ര;

(സി) തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്നതിനു് ഗവൺമെണ്ടു് എന്തെങ്കിലും ചെയ്യുന്നുണ്ടോ;

(ഡി) ഭവനവിൻമ്മാണപദ്ധതിയനുസരിച്ചു് എത്ര തൊഴിലാളികൾക്ക് ഭവനം ഉണ്ടാക്കി കൊടുത്തിട്ടുണ്ടു്?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai)** The answer is not ready.

ഗവൺമെണ്ടു് ഏറെറടുത്ത വ്യവസായങ്ങൾ

* ൧൪൩. (൨൮) ശ്രീ. പി. കെ. കുമാരൻ ഒാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടു് ഏറെറടുത്തിട്ടുള്ള വ്യവസായങ്ങൾ ഏതെല്ലാം;

(ബി) ആ വ്യവസായങ്ങൾക്കു് ആകെ മുടക്കിയിട്ടുള്ള സംഖ്യ എത്ര;

(സി) ഓരോന്നിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായമെത്ര?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :(എ), (ബി), (സി).

(എ) റബ്ബർ ഫാക്ടറി. മുടക്കിയിട്ടുള്ള സംഖ്യ ൫൹൹ ൫ ലക്ഷം രൂപയാണു്. അതിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായം, അതായതു് ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം ൧൯൫൦ മാർച്ചു് ൩൧-ാംതു- വരെയുള്ള ആദായം ൧൦,൭൦൭ രൂപയാണു്.

(൨) പ്ലൈവുഡു് ഫാക്ടറി, മുതൽമുടക്കു് ൧൦ ലക്ഷം രൂപ. ലാഭം ൫,൫൫,൹൦൭ രൂപ.

(൩) സിറാമിക്കു് ഫാക്ടറി. മുടക്കു് ൧൨,൹൨,൹൭൭ രൂപ ൧൨൦-മുതൽ ൧൨൫-വരെ കിട്ടിയിട്ടുള്ള ലാഭം ൭,൫൹,൹൨൭ രൂപ.

(൫) വഞ്ചി ക്ലേമയിൻസു്. മുടക്കു് ൨൹൫ ലക്ഷം രൂപ. ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം ഇതിന്റെ പ്രവർത്തനം നടന്നിട്ടില്ല. അതുകൊണ്ടു് ആദായത്തെപ്പററി പറയാൻ നിവൃത്തിയില്ല.

(൬) ട്രാവൻകൂർ മിനറൽസു്. മുടക്കു് ൧൫ ലക്ഷം രൂപ. ഇതിൽനിന്നും റായൽറ്റിക്കും പുറമേ ഗവൺമെണ്ടിനു് ൨,൫൫,൦൦൦ രൂപ ആദായം കിട്ടിയിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം പ്രവർത്തനം നടത്തിയിട്ടുള്ള ഇൻഡസ്ട്രീസു് ഏതെല്ലാമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ വിവരങ്ങളാണു് ഇപ്പോൾ വായിച്ചതു്. വഞ്ചി ക്ലേമയിൻസു് ഒഴികെ ബാക്കിയുള്ള ഇൻഡസ്ട്രീസു് എല്ലാം പ്രവർത്തനം നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly